**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട് . 25.02.2017ലെ സ.ഉ (പി)3/2017/P&ARD , 22.03.2023ലെ സ.ഉ (എം എസ്)79/2023/LSGD എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തദ്ദേശ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും വിവരം ടി സോഫ്റ്റ്‌വെയർ മുഖേന ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ഓൺലൈൻ സ്ഥലം മാറ്റ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയതിനെ തുടർന്ന് കാസർഗോഡ് ജില്ലയിൽ മലയോര പഞ്ചായത്തുകളിൽ നിന്ന് ജീവനക്കാർ കൂട്ടത്തോടെ സ്ഥലം മാറിപ്പോയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇവിടുത്തെ ത്രിതല പഞ്ചായത്ത് ഭരണത്തിന് ജീവനക്കാരുടെ സ്ഥലംമാറ്റം ബുദ്ധിമുട്ടായിരിക്കുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | (സി) | ത്രിതല പഞ്ചായത്ത് ഭരണത്തിന് ജീവനക്കാരുടെ സ്ഥലംമാറ്റം ബുദ്ധിമുട്ടായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ